നം.എൽ.എഫ്.കെ.പി.13/166/15 തീയതി: 30.12.14

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ്കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. കുരുവിള ജോസഫ് എം, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ശ്രേ.)
അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	LFKP 14/GP /2013 തീയതി. 30.12.2013

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

മണിമല ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

ഗ്രാമ പഞ്ചായത്തിന്റെ 20/11/2013 മുതൽ 30/09/14 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 1/07/13മുതൽ 30/09/14 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും
24.10.14 മുതൽ 31.10.14 വരെ	ശ്രീ. അനിൽ മാത്യു ഐപ്പ്, ഓഡിറ്റ് ഓഫീസർ ശ്രീമതി. ബീനാകുമാരി സി.ആർ., ഓഡിറ്റ് ഓഫീസർ ശ്രീമതി. മായ ആർ., അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ ശ്രീമതി. സുനിത എം. എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ. ഉണ്ണിക്കൃഷ്ണൻ സി., സീനിയർ ഗ്രേഡ് ഓഡിറ്റർ ശ്രീ. യോഗേഷ്. ആർ, ഓഡിറ്റർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീ. ബേബിച്ചൻ വർഗ്ഗീസ് (1.4.12 മുതൽ 21.8.12 വരെ) ശ്രീമതി. പുഷ്പകുമാരി (22.8.12 മുതൽ 12.9.12 വരെ) ശ്രീ. ജോൺ ജോസഫ് (18.9.12 മുതൽ 31.3.13 വരെ)
സെക്രട്ടറി	ശ്രീ. റ്റി. ജി. ശിവദാസൻ നായർ (1.4.12 മുതൽ 31.3.13 വരെ)

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

വികസനകാര്യം	ശ്രീ. വിനോദ് ആന്റണി
ക്ഷേമ കാര്യം	ശ്രീമതി. ജമീല പി. എസ്.
ആരോഗ്യ വിദ്യാഭ്യാസം	ശ്രീ. ജോൺ ജോസഫ് (1.4.12 മുതൽ 18.9.12 വരെ) ശ്രീമതി. പുഷ്പ കുമാരി (7.11.12 മുതൽ 31.3.13 വരെ)
ധനകാര്യം	ശ്രീമതി. പുഷ്പ കുമാരി (1.4.12 മുതൽ 21.8.12 വരെ) ശ്രീമതി.നിർമ്മല മനോജ് കുമാർ (18.9.12 മുതൽ 31.10.12 വരെ)

	ശ്രീമതി. മേഴ്സി മാത്യു (29.11.12 മുതൽ 31.3.13 വരെ)

നിർവഹണോദ്യോഗസ്ഥർ

സെക്രട്ടറി	ശ്രീ. ടി. ജി. ശിവദാസൻ നായർ
എ.ഇ.	ശ്രീ. സുനിൽകുമാർ വി.കെ. (2.4.12 മുതൽ 31.7.12 വരെ) ശ്രീ. ജോഷി ജോസഫ് (1.8.12 മുതൽ 1.10.12 വരെ) ശ്രീ. ശ്രീധരൻ (2.10.12 മുതൽ 5.12.12 വരെ) ശ്രീ. ജോഷി ജോസഫ് (6.12.12 മുതൽ 31.3.12 വരെ)
അഗ്രി.ഓഫിസർ	ശ്രീമതി. അമ്പിളി വി.എൽ.
വി.ഇ,ഒ	ശ്രീ. സിയാദ് വി.എ.
ഡയറി എക്സ്റ്ററൻഷൻ ഓഫിസർ	ശ്രീമതി. ഉദയകല പി.എസ്.
വെറ്റിനറി സർജൻ	ഡോ. അജയ് കുരുവിള
ഐ.സി.ഡി.എസ്.സൂപ്പർവൈസർ	ശ്രീമതി. ജെസ്സമ്മ കെ. വർഗീസ്
എച്ച്.എം.	ശ്രീമതി.ലൈലാബീഗം, ജി.ഡബ്ല്യു.യു.പി.എസ്., മണിമല.
എം.ഒ., പി.എച്ച്.സി.	ഡോ. ജോർജ് മാത്യു.

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ .

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്.
2. ബാലൻസ് ഷീറ്റ്.
3. റെസീപ്റ്റ് & പേമെന്റ്അക്കൗണ്ട്.
4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്.

ഭാഗം 1 : പൊതു അവലോകനം

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

2012-13 വർഷത്തെ ബജറ്റ് 23/03/2012 ലെ 1 നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്ഥിരം സമിതി പാസ്സാക്കിയിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം 214 - വകുപ്പ് അനുശാസിക്കും പ്രാകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വിവിധ സെക്ഷനുകളിൽ നിന്നും സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോ ഏന്നുള്ള വിവരങ്ങൾ മിനിറ്റ്സ് ബുക്കിൽ ലഭ്യമായില്ല

പഞ്ചായത്ത് കമ്മിറ്റിയുടെ 30 /03/2012 ലെ 1 നമ്പർ തീരുമാന പ്രകാരം ടി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

മുന്നിരിപ്പ്	27274521
പ്രതീക്ഷിത വരവ്	61698500
പ്രതീക്ഷിത ചെലവ്	87078300
പ്രതീക്ഷിത നീക്കിയിരിപ്പ്	1894721

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം സാമ്പത്തിക വർഷത്തെ ആകെ വരവ് 42803509 രൂപയും ആകെ ചെലവ് 50110645- രൂപയുമാണ്. പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥ വരവു ചെലവുകളുമായി വലിയ അന്തരം പുലർത്തുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി അംഗീകാരത്തിനുശേഷം ബജറ്റ് പുതുക്കിയില്ല

ഓരോ സാമ്പത്തിക വർഷത്തെയും തദ്ദേശ സ്വയം ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണന്ന പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല. പദ്ധതിക്ക് അംഗീകാരം ലഭിച്ച 30/04/2013 ന് ശേഷം ബജറ്റ് പുതുക്കാതിരുന്നത് പദ്ധതി ആസൂത്രണ മാർഗരേഖ ഖ. നം. -14 ന്റെ ലംഘനമാണ്. ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകാരം ലഭിക്കുന്നതിന് മുൻപായി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലായെങ്കിൽ, അംഗീകാരം ലഭിച്ചയുടൻ പദ്ധതികൂടിയുൾപ്പെടുത്തി ബജറ്റ് പുതുക്കി തയാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്.

1-2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വരവിനങ്ങളുടെ രജിസ്റ്ററുകൾ

വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ഡി&ഒ, വാടക എന്നിവയുടെ രജിസ്റ്ററുകൾ തൃപ്തികരമായി സൂക്ഷിച്ചിട്ടുണ്ട്. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ വാർഡുതലത്തിലുള്ള ഡിമാൻഡുകൾ തയാറാക്കാതെ ലൈസൻസിനായി പഞ്ചായത്തിനെ സമീപിക്കുന്നവരുടെ ക്രമത്തിൽ പോസ്റ്റിംഗുകൾ നടത്തിയിരിക്കുന്നു. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്റർ വാർഡ് തലത്തിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് അപേക്ഷകൾ - പരിശോധനയിൽ കണ്ട അപാകതകൾ

ലൈസൻസ് പുതുക്കി നൽകുമ്പോൾ അപേക്ഷകനിൽ നിന്നും മുപ്പത് മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുണ്ടെന്ന ഉടമ്പടി പത്രം വാങ്ങിസുക്ഷിക്കുന്നില്ല.(ത.സ്വ. ഭ. വകുപ്പിന്റെ 16/03/07 ലെ ഉത്തരവ് നം -ജി. ഒ(ആർ .റ്റി 795/07)

ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല.

1-3 വാർഷിക പദ്ധതി അവലോകനം

പഞ്ചായത്തിന്റെ 12-13 ലെ വാർഷിക പദ്ധതിക്ക് നം. 1835/12/DPC/DPO/KTM തീ. 30/4/13 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു. അംഗീകാരം ലഭിച്ച 133 പദ്ധതികളിൽ 98 എണ്ണം തൻവർഷം നടപ്പാക്കി. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 12 വർക്കിങ്ങ്ഗ്രൂപ്പുകൾ 29/7/12ൽ യോഗം ചേർന്ന് കരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു. 2012 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 15 വാർഡുകളിലും പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ കൂടുകയുണ്ടായി. 24/09/2012 തീയതിയിൽ വികസനസെമിനാർ കൂടി കരട് പ്രോജക്റ്റ് ചർച്ച ചെയ്തു. 23/1/13ലെ I- നമ്പർ തീരുമാനപ്രകാരം പ്രോജക്റ്റിന് ഭരണാനുമതി ലഭിച്ചു. 12-ാം പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തിയിട്ടില്ല. യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

തൻ വർഷം ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വിഭാഗം	പ്രോജക്ടുകളുടെ എണ്ണം	
		ആസൂത്രണം ചെയ്തത്	നടപ്പിലാക്കിയത്
1	പൊതുവിഭാഗം	74	51
2	പട്ടികജാതി വിഭാഗം	50	41
3	പട്ടിക വർഗ്ഗ വിഭാഗം	9	7

പഞ്ചായത്തിനു ലഭിച്ച വിവിധ സർക്കാർ വിഹിതങ്ങളുടെ വരവ്ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	
വികസനഫണ്ട്- ജനറൽ	1220322	1731000	2951322	2717511	233811	92.07
,, - എസ്.സി.പി.	9499720	7062000	16561720	12239735	4321985	73.90
,, -റ്റി.എസ്.പി.	521000	321000	842000	320300	521700	38.04
13-ാംധന.കമ്മീ.ഗ്രാന്റ്	182149	3007291	3189440	2980882	208558	93.46
ലോകബാങ്ക് ഗ്രാന്റ്	764396	1736000	2500396	497136	2003260	19.88
മെ.ഗ്രാ.- റോഡിതരം	607438	399000	1006438	216633	789805	21.52
,, - റോഡ്	1407162	5054000	6461162	5201465	1259697	80.50

ഷോർട്ട് ഫോൾ : മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) കുറവ്

2012-13 വർഷം മെയിന്റനൻസ് ഗ്രാന്റ് റോഡിതരവിഭാഗത്തിൽ നിയമാനുസൃത ചെലവ് പരിധി പാലിക്കാതിരുന്നതിനാൽ (ജി.ഒ.(എം.എസ്.) 134/2013/ എൽ.എസ്.ജി./30.3.13 പ്രകാരം 60%) 2014-15 വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ട് വരവിൽ 387229 രൂപയുടെ കുറവ് വരുന്നതാണ്.

തൻവർഷത്തെ ആകെ വരവ്	1006438
ചെലവഴിക്കേണ്ടിയിരുന്നത്	603862
ചെലവഴിച്ചത്	216633
ഷോർട്ട്ഫോൾ	387229

ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുകയാണ് ചെലവ് പരിധി ആർജിക്കാത്തതിനാൽ കുറവ് ചെയ്യത്. ആയതിനാൽ സർക്കാർ നിഷ്കർഷിക്കുന്ന ചെലവ് പരിധി കൈവരിച്ച് ഭാവിയിൽ ഷോർട്ട്ഫോൾ ഒഴിവാക്കേണ്ടതാണ്.

ഗ്രാമസഭ

മൂന്ന് ഗ്രാമസഭകളാണ് പദ്ധതിരൂപീകരണം, ഗുണഭോക്താക്കളുടെ തിരെഞ്ഞെടുപ്പ് എന്നിവയുമായി ബന്ധപ്പെട്ട് സംഘടിക്കപ്പെട്ടത്. സാമൂഹിക സുരക്ഷിതത്വ പെൻഷൻ അപേക്ഷകർക്ക് പെൻഷൻ അനുവദിക്കുമ്പോൾ ആയതിന് ഗ്രാമസഭയുടെ അംഗീകാരം തേടുന്നില്ല.വിവിധ ഓഡിറ്റ് ഏജൻസികളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമസഭയിലവതരിപ്പിക്കുകയോ ചർച്ചചെയ്യപ്പെടുകയോ ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തിയിട്ടില്ല. യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഗ്രാമസഭ കൺവീനറും കോ-ഓർഡിനേറ്ററും മാത്രമാണ് ഗ്രാമസഭ യോഗ മിനിറ്റ്സ് ബുക്കുകളിൽ ഒപ്പ് വച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. ഭരണഘടനാസാധുതയുള്ള അടിസ്ഥാന തലത്തിലുള്ള ജനാധികാര സഭയായ ഗ്രാമസഭയുടെ ശാക്തീകരണത്തിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധയൂന്നേണ്ടതാണ്.

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

നേട്ടങ്ങൾ

സേവനമേഖലയിൽ ഭവനപുനരുദ്ധാരണം, സാന്ത്വനം പാലിയേറ്റീവ് കെയർ തുടങ്ങിയപ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ വാർഡുകളിൽ സി.എഫ്.എൽ ലാമ്പുകൾ സ്ഥാപിച്ചു, 13 വികലാംഗർക്ക് മുചക്ര സ്കൂട്ടർ നല്കി. പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൽ വാങ്ങി നല്കി. കമ്മ്യൂണിറ്റി ഹാളുകൾക്ക് ഫർണിച്ചറുകൾ വാങ്ങി .

കോട്ടങ്ങൾ

കുഴൽക്കിണർ നിർമാണത്തിനായി ഗ്രൗണ്ട് വാട്ടർഡിപ്പാർട്ട്മെന്റിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും തുടർമോണിറ്ററിംഗ് നടത്തിയില്ല. പദ്ധതി രൂപീകരണ ചെലവുകൾക്കായി തനത് ഫണ്ട് വകയിരുത്തി തൻ വർഷം പ്രോജക്റ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കിയെങ്കിലും ടിയിനത്തിലെ ചെലവ് അക്കൗണ്ട് ചെയ്തിട്ടില്ല. മണിമല

പി.എച്ച്..സി.മെയിന്റനൻസ്, കൃഷി ഭവൻ മെയിന്റനൻസ് എന്നിവയ്ക്കായി തുകകൾ വകയിരുത്തിയിരുന്നുവെങ്കിലും പദ്ധതി നടപ്പാക്കിയില്ല. മൃഗ സംരക്ഷണ മേഖലയിൽ മുട്ടക്കോഴി വിതരണം എന്ന പ്രോജക്ട് മാത്രം നടപ്പിലാക്കി.

ഭാഗം 2 : വരവ് കണക്കുകളുടെ

ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 കാലാവധി കഴിഞ്ഞ ചെക്കുകളുടെ ശരിയായ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നിന്ന് നൽകിയിട്ടുള്ള താഴെ പറയുന്ന ചെക്കുകൾ നാളിതുവരെ പണമായി മാറിയിട്ടില്ല.

ബാങ്കിന്റെ പേര്	ചെക്ക്നമ്പർ / തീയതി	തുക	നൽകിയ വ്യക്തിയുടെ പേര്
മണിമല സർവീസ് സഹകരണബാങ്ക് കറിക്കാട്ടൂർ ശാഖ	910/03.12.2011	1000	ജില്ലാ സോഷ്യൽ വെൽഫെയർ ഓഫീസർ
,,	4388/05.06.2012	500	മാനേജർ,പോപ്പുലർ മോട്ടോഴ്സ്
,,	2344/15.11.2012	250	മാനേജർ,അജന്താ പ്രസ്സ്
,,	1329/22.01.2013	4756	ശ്രീ.റ്റി.എം.വാസുദേവൻ
	ആകെ	6506	

കേരള പഞ്ചായത്ത് രാജ് എക്കൗണ്ട് ചട്ടങ്ങൾ 2011 ലെ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് പ്രസ്തുത ചെക്കുകൾ കാലാവധി ദീർഘിപ്പിച്ചു നൽകുകയോ പകരം ചെക്കുകൾ നൽകുകയോ ചെയ്തിട്ടില്ലെന്നും മേൽ വിഷയത്തിൽ നിർദ്ദേശാനുസരണം നടപടി കൾ സ്വീകരിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട് .ആയതിനാൽ പ്രസ്തുത

ചെക്കുകളുടെ കാര്യത്തിൽ മേൽ സൂചിപ്പിച്ച വിധത്തിലുള്ള അക്കൗണ്ടിംഗ് ക്രമീകരണം നടത്തേണ്ടതാണ്.

2-2 തൊഴിൽ നികുതി-സ്ഥാപനതൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല

തൊഴിൽ നികുതിയുടെ ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി (സ്ഥാപന തൊഴിൽ നികുതി) ഡിമാൻഡ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

1. കെ. എസ് .ഇ. ബി, മണിമല - ഒന്നും രണ്ടും അർദ്ധ വർഷം.

2. ബി. എസ് .എൻ. എൽ ,മണിമല - ഒന്നും രണ്ടും അർദ്ധ വർഷം.

3. മണിമല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ,കരിക്കാട്ടൂർ ശാഖ -ഒന്നും രണ്ടും അർദ്ധ വർഷം.

ടി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്.

2-3 പാരാ മെഡിക്കൽ രജിസ്ട്രേഷൻ

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ ചട്ടം (3) പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ ഈ ചട്ടങ്ങൾ പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനങ്ങളും സ്ഥാപിക്കുവാൻ പാടുള്ളതല്ല. ചട്ടം (8) പ്രകാരം ഈ ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാ മെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപാ വരെ ആകാവുന്ന പിഴയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപ വരെ ആകാവുന്ന പിഴയും നല്കി ശിക്ഷിക്കപ്പെടാവുന്നതാണ്.

പഞ്ചായത്ത് പരിധിയിൽ കറിക്കാട്ടൂരിൽ പ്രവർത്തിച്ചു വരുന്ന പ്രിൻസ് ഹോമിയോപ്പതിക് ക്ളിനിക്ക്, മരിയ ലബോറട്ടറി എന്നീ സ്ഥാപനങ്ങൾ 2012-13വർഷം പാരാ മെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. ടി സ്ഥാപനങ്ങൾ പാരാ മെഡിക്കൽ രജിസ്ട്രേഷൻ എടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-4 മാർക്കറ്റ് ലേലം - മുഴുവൻ തുക ഒടുക്കിയിട്ടില്ല

2012-13 വർഷം മണിമല ഗ്രാമപഞ്ചായത്ത് പൊതുമാർക്കറ്റ് 1,28,000/-രൂപയ്ക്ക് ലേലം കൊണ്ട ജോസഫ് തോമസ്, ളാനിത്തോട്ടം എന്നയാൾ രസീത് നം 33493/22 തീയതി 4/4/12 പ്രകാരം 32666 രൂപയും രസീത് നം 33498/69തീയതി 4/7/12 പ്രകാരം 42666 രൂപയും ഉൾപ്പെടെ 75,332/-രൂപ മാത്രമേ ഒടുക്കിയിട്ടുള്ളൂ. ടിയാൾ ഗ്രാമപഞ്ചായത്തുമായി കരാർ വച്ചിരുന്നുമില്ല. ലേല വ്യവസ്ഥകൾ പ്രകാരം ലേലതുകയുടെ പകുതി ലേലം സ്ഥിരപ്പെടുത്തുന്ന അപ്പോൾതന്നെ അടക്കേണ്ടതും ബാക്കി പകുതി ലേലം ഉറപ്പിച്ച് ഏഴ് ദിവസത്തിനകവും പഞ്ചായത്തിലട ക്കേണ്ടതുമാണ്. കൂടാതെ ടിയാൾ 100/- രൂപ

മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതുമാണ്. മേൽ പറഞ്ഞ വ്യവസ്ഥകളൊന്നും തന്നെ ടിയാൻ പാലിച്ചിട്ടില്ല. 2012-13 വർഷം ലേലത്തുക മുഴുവനും ഒടുക്കാത്ത ജോസഫ് തോമസിന് തന്നെ 2013-14 വർഷവും 2014-15വർഷവുംപൊതുമാർക്കറ്റ് ലേലത്തിൽ നൽകുകയുണ്ടായി. ഇത് ഗുരുതരമായ വീഴ്ചയാണ്. ലേലവ്യവസ്ഥകൾ പ്രകാരം മുൻവർഷ ലേലതുക പൂർണ്ണമായി ഒടുക്കാത്ത ടിയാൾക്ക് ലേലത്തിൽ പങ്കെടുക്കാനുള്ള അർഹതപോലും ഇല്ലായെന്നിരിക്കെ ടിയാൾക്ക് തന്നെ വീണ്ടും ലേലം ഉറപ്പിച്ചനൽകിയ നടപടി ലേലവ്യവസ്ഥകളുടെ ലംഘനമാണ്. ഈടാക്കാനുള്ള ബാക്കി തുകയായ 52,668/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. ടി.ജി.ശിവദാസൻ നായരിൽ നിന്ന് ഈടാക്കേണ്ടതാണ്.

2-5 വാടക ഈടാക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ ഷോപ്പിങ്ങ്കോംപ്ളക്സ് മുറികളുടെ വാടക ഈടാക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെ.എസ്.എഫ്.ഇ പിഴപ്പലിശ ഒടുക്കിയില്ല-കരാർ വച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ യ്ക്ക് 10,000/- രൂപ പ്രതിമാസനിരക്കിൽവാടകയ്ക്ക് നൽകിയ കെട്ടിടത്തിന്റെ 6/2012 മുതൽ 3/2013 വരെയുള്ള 10 മാസത്തെ വാടകയായി രസീത് നം 1130350001 തീയതി 7/5/13 പ്രകാരം 1,00,000 രൂപ ഒടുക്കിയിരുന്നു. എന്നാൽ ടി കാലയളവിലെ പിഴപ്പലിശഈടാക്കിയിരുന്നില്ല.ടികാലയളവിലേക്ക് ഈടാക്കേണ്ടിയിരുന്ന പിഴപ്പലിശ 15,600/-രൂപയാണ് .കൂടാതെ 22/12/12ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം നം 4(7)പ്രകാരം അഡ്വാൻസ് വാടകയായി 1.35ലക്ഷം രൂപ ഈടാക്കുന്നതിനും കെ.എസ്.എഫ്.ഇ യുമായി കരാർ വയ്ക്കുന്നതിനും തീരുമാനിച്ചിരുന്നു. എന്നാൽ ഈ രണ്ടു തീരുമാനങ്ങളും നാളിതുവരെ നടപ്പാക്കിയിട്ടില്ല. നിയമാനുസൃത കരാർ ചമയ്ക്കാതെ കെ.എസ്.എഫ്.ഇ യ്ക്ക് മുറി കൈമാറിയ നടപടി അംഗീകരിക്കാവുന്നതല്ല. പിഴപ്പലിശയിനത്തിൽ ഈടാക്കാനുള്ള 15,600/-രൂപ ഈടാക്കുന്നതിനും കെ.എസ്.എഫ്.ഇ യുമായി കരാർ ചമയ്ക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

2) പിഴപ്പലിശ ഈടാക്കിയതിൽ കുറവ്

മാർക്കറ്റിനോട് ചേർന്ന മുറി കുത്തകയ്ക്ക് നൽകിയിരുന്ന കേശവനാചാരി, ചാലിശ്ശേരി എന്നയാൾക്ക് 2/2011 മുതലുള്ള വാടക കുടിശ്ശികയുണ്ടായിരുന്നു. ടിയാൻ29/03/14 ന് മാത്രമാണ് കുടിശ്ശികയുൾപ്പടെതുകഒടുക്കിയിട്ടുള്ളത് .രസീത് നം 11303102586/29-3-14 പ്രകാരം 6480/-രൂപ വാടകയിനത്തിലുള്ള കുടിശ്ശികയും 2667/-രൂപ പിഴപ്പലിശ ഇനത്തിലുള്ള കുടിശ്ശികയും ഉൾപ്പടെ 9147രൂപ ഒടുക്കിയിരുന്നു. ടിയാനിൽനിന്നും ഈടാക്കേണ്ടിയിരുന്ന തുക ചുവടെ ചേർക്കുന്നു.

കാലയളവ്	വാടക നിരക്ക്	വാടക കുടിശ്ശിക	പിഴപ്പലിശ
2/11, 3/11	156	312	2312
2011-12	163	1956	2171
2012-13	171	2052	1026
2013-14	180	2160	281
ആകെ		6480	5790

പിഴപ്പലിശ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 3123/-രൂപ (5790-2667) കുത്തകക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3) വാടക കുറഞ്ഞനിരക്കിൽ നല്കി

ബസ് സ്റ്റാൻഡ് ഷോപ്പിങ്ങ് കോംപ്ലക്സ് ഒന്നാം നം മുറി 2011-12 വർഷം 916/-രൂ വാടക നിരക്കിൽ KSFEയ്ക്ക് നൽകി വന്നു. 21/5/12 ന് KSFE മുറി ഒഴിഞ്ഞതിന് ശേഷം 6/12 മുതൽ 583/രൂ പ്രതിമാസ വാടക നിരക്കിൽ ശ്രീ ബിജു തോമസ്,വളയം എന്നയാൾക്ക് നൽകിയിട്ടുണ്ട്. നിലവിലുള്ള വാടക നിരക്കിനെക്കാളും 5%തുക കൂട്ടി 962 രൂപ കുറഞ്ഞ അടിസ്ഥാനവാടകയായി നിശ്ചയിച്ച് ലേലം നടത്തി മുറി കൈമാറേണ്ടതിന് പകരം കുറഞ്ഞ വാടകനിരക്കിൽ നൽകുകയാണുണ്ടായത്. ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്ക് (എൻക്വയറി നം 7/29-10-14) ന് മറുപടിയായി 5/8/09 ലെ 4-ാം നം കമ്മറ്റി തീരുമാനപ്രകാരം ശ്രീ ബിജു തോമസ്,വളയത്ത് ഒന്നാം നമ്പർ മുറി KSFEയ്ക്ക്ഒഴിഞ്ഞ് കൊടുക്കണമെന്നും KSFE പുതിയ വാടകകെട്ടിടത്തിലേക്ക് മാറുന്ന മുറക്ക് മുൻവാടകക്കാരന് നൽകണമെന്നും തീരുമാനിച്ചിരുന്നു. ആയതനുസരിച്ച് മുൻ വാടകക്കാരന് തന്നെ നൽകാമെന്നുണ്ടെങ്കിലും വാടക ഈടാക്കേണ്ടിയിരുന്നത് മുൻവർഷം KSFEയ്ക്ക്നൽകിയ നിരക്കിൽ 5% വർദ്ധനവ് വരുത്തി വേണമായിരുന്നു. വാടകനിരക്കിൽ ആവശ്യമായ വർദ്ധനവ് വരുത്തുന്നതിനും യഥാവിധി കരാർ വയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4) ഷോപ്പിങ്ങ് കോംപ്ലക്സ് ബൈലോ പാസ്സാക്കിയിട്ടില്ല.

ഇരുപതിലധികം കടമുറികൾ വാടകക്ക് നൽകിവരുന്ന ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ഷോപ്പിങ്ങ് കോംപ്ളക്സ് വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് മാതൃകാ ബൈലോ തയ്യാറാക്കി പഞ്ചായത്ത്ഡയറക്ടർക്ക് അംഗീകാരത്തിനായി അയച്ചുനൽകേണ്ട താണ്.

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 അച്ചടി ചെലവുകൾ - വാർഷിക ആവശ്യം കണക്കാക്കി മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നില്ല.

വാർഷിക പദ്ധതി മാർഗ്ഗരേഖ -കരട്, അന്തിമം,നികുതി പിരിവ് ക്യാമ്പ് കളക്ഷൻ നോട്ടീസ്,ഗ്രാമസഭ നോട്ടീസ്, വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ തുടങ്ങി നിരവധി തവണ പഞ്ചായത്ത് അച്ചടി ചെലവുകൾക്കായി തനതുഫണ്ട് ചെലവഴിച്ചിട്ടുണ്ട്. ഓരോ തവണയും ക്വട്ടേഷൻ ക്ഷണിച്ചാണ് ചെലവുകൾ നടത്തിയിട്ടുള്ളത്. എന്നാൽ ചിലയിനങ്ങളിലെ ചെലവ് വളരെ ഉയർന്നതും മത്സരാധിഷ്ഠിതമായി ക്വട്ടേഷൻ നടന്നിട്ടുണ്ടോയെന്ന്

സംശയമുളവാക്കുന്നതുമാണ്. (കേരള ഫിനാൻഷ്യൽ കോഡ് വാല്യം-2 ആർട്ടിക്കിൾ 120) അച്ചടി പ്രിന്ററിംഗ് സ്റ്റോറിൽ ഉൾപ്പെടുന്ന ഇനമായതിനാൽ ആർട്ടിക്കിൾ -122 പ്രകാരം വാർഷിക ആവശ്യം മുൻകൂട്ടി കണക്കാക്കി വർഷാരംഭത്തിൽ സേവന ദാതാക്കളിൽ നിന്നും കട്ടേഷൻ ക്ഷണിച്ച്, കുറഞ്ഞ നിരക്കുകളിൽ പ്രിന്ററിംഗ് ജോലികൾക്കായി കരാർ ചമക്കാത്തത് പഞ്ചായത്ത ഫണ്ടിന് നഷ്ടമുണ്ടാക്കുന്നുണ്ട്. പ്രോക്യൂർമെന്റ് മാനുവൽ ഖ 2.3 (ബി) പ്രകാരം സാമ്പത്തിക വർഷാരംഭത്തിൽ വാർഷിക മൊത്ത ആവശ്യം കണക്കാക്കി അനുയോജ്യമായ നടപടികൾ ആരംഭിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അച്ചടിയുമായി ബന്ധപ്പെട്ട് ഉണ്ടായ ചില ചെലവുകളുടെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അച്ചടിയുടെ ആവശ്യം	തുക	റിമാർക്സ്
1	പദ്ധതി രേഖ -കരട് 42 പേജ്+ കവർ	13500 അജന്താ ഓഫ് സെറ്റ് പ്രസ്സ് - പൊൻകുന്നം ചെക്കനം-2327 /10-10-12	കോപ്പിയൊന്നിന് 135 രൂപ നിരക്കിൽ 100 എണ്ണം
2	പദ്ധതി രേഖ -അന്തിമം 49 പേജ്+ കവർ	9600 അജന്താ ഓഫ് സെറ്റ് പ്രസ്സ് -പൊൻകുന്നം ചെക്കനം-ലഭ്യമല്ല	70 എണ്ണം
3	വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ, (7500),ഗ്രാമസഭ നോട്ടീസ്(6000)	18500 ഇന്ദു പ്രിന്റേഴ്സ്,കടയണിക്കാട് ചെക്കനം-1305 /24-12-12	

വാർഷിക ആവശ്യം കണക്കാക്കി വർഷാരംഭത്തിൽ സേവനദാതാക്കളിൽ നിന്ന് കട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്കുകളിൽ പ്രിന്റിങ് ജോലികൾ കരാർ അടിസ്ഥാനത്തിൽ നൽകേണ്ടതാണ്.

3-2 വാഹന പരിപാലനം-റിപ്പയർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിന്റെ കെ .എൽ 34 എ1951 എന്ന ബൊലേറോ ജീപ്പിന് അറ്റകുറ്റ പണികൾ ഇടക്കിടെ നടത്തപ്പെടുന്നുണ്ട്. എന്നാൽ ഇതിന്റെ ആവശ്യകത സംബന്ധിച്ച് ഡ്രൈവർ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകിയതായോ നിർദ്ദിഷ്ടറിപ്പയറിംഗ് ജോലികൾ കസ്റ്റോഡിയൻ ഓഫീസർ നേരിട്ടോ എൻജീനയറുടെ ശുപാർശ പ്രകാരമോ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചതായോ ഉള്ള രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. കാലാകാലങ്ങളിൽ നടത്തിയ റിപ്പയറിംഗിന്റെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല. വാഹനത്തിന്റെ റിപ്പയറിംഗിന് 2012-13 വർഷം തുക ചെലവഴിച്ചതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

റിപ്പയർ ഇനം	റിപ്പയർ ഏൽപ്പിക്കപ്പെട്ട സ്ഥാപനം	ചെലവ് തുക	വൗച്ചർ നം -തീയതി
ജീപ്പ് റിപ്പയർ	ടി.വി.എസ്സ് & സൺസ് കോട്ടയം	9869	32-02/13 07-02-13
ജീപ്പ് സർവ്വീസ്	ടി.വി.എസ്സ് & സൺസ് കോട്ടയം	26000	34-10/12 10-10-12
ടയർ റീപ്ലയിസിംഗ്	ജോവാൻസ് പൊൻകുന്നം	23800	29-8/12 17-8-12

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ വാഹന പരിപാലനത്തിന് 30-06-07 ലെ ജി.ഒ.(എം.എസ്സ്.)170/07 ലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

3-3 ദർഘാസ് പരസ്യങ്ങൾ : വിൻഡോ മാതൃകയിലെ നിർദിഷ്ട സ്പെസിഫിക്കേഷൻ പാലിച്ചിട്ടില്ല

ദർഘാസ് പരസ്യങ്ങൾ പൂർണരൂപത്തിൽ പ്രസിദ്ധീകരിക്കേണ്ടതില്ലെന്നും ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാനവിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ പത്രങ്ങളിൽ പ്രസിദ്ധീകരിച്ച് അവയുടെ പൂർണരൂപം പഞ്ചായത്ത് നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും ലഭ്യമാക്കിയാൽ മതിയെന്നും പൊതുഭരണ(ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്-ഡി) വകുപ്പിന്റെ ജി.ഒ.(പി) 01/04/എൈ&പി.ആർ./1.1.04 മുഖാന്തിരം നിർദേശിച്ചിരുന്നു. ടി ഉത്തരവിൽ വിൻഡോ ദർഘാസ് പരസ്യങ്ങൾ 3 സെ.മീ. x 2 കോളം (8 സെന്റീമീറ്റർ) വലിപ്പത്തിലായിരിക്കണം എന്നും നിർദേശിച്ചിരുന്നു. 2012-13 ൽ മുൻവർഷം നൽകിയതിന്റേതുൾപ്പെടെ നാലു പരസ്യങ്ങളുടെ ചാർജ് ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയിട്ടുണ്ട്. പരസ്യങ്ങളുടെ ഉള്ളടക്കം നിർദിഷ്ട വിൻഡോ മാതൃകയിലായിരുന്നുവെങ്കിലും സർക്കാർ ഉത്തരവിൽ നിർദേശിച്ചിരുന്ന വലിപ്പത്തിൽ (3 സെ.മീ. x 2 കോളം) അല്ല പരസ്യം പ്രസിദ്ധീകരിച്ചത്. ഇത് പഞ്ചായത്തിന് അധിക ചെലവുണ്ടാക്കിയതായി നിരീക്ഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ദിനപ്പത്രം, തീയതി, പരസ്യം	പരസ്യത്തിന്റെ വലിപ്പം	സർക്കാർ നിർദേശപ്രകാരം നൽകാവുന്ന പരസ്യം	പത്രം ഇൗടാക്കിയ നിരക്ക്	പരസ്യത്തിന് നൽകിയ തുക	സർക്കാർ ഉത്തരവ് പ്രകാരം നൽകാവുന്ന തുക	അധികമായി നൽകിയ തുക	വൗച്ചർ നം. ഡി.ഡി./ ചെക്ക് നം	തീയതി
1	18.3.12 മംഗളം ആയുർവേദാശുപത്രിക്ക് കെട്ടിടം സജ്ജമാക്കൽ	12.2 സെ.മീ. x 10 സെ.മീ. = 122ച.സെ.മീ.	8 സെ.മീ. x 3 സെ.മീ. (2 കോളം x 3 സെ.മീ.) 24 ച.സെ.മീ.	90	10980	2160	8820	വൗച്ചർ നം-28-6/12 1559661	12.06.12
2	26.1.13 രാഷ്ട്രദീപിക 21 പ്രവർത്തികളുടെ ടെണ്ടർ	8 സെ.മീ. x 5 സെ.മീ. = 40 ച.സെ.മീ.		78	3120	1872	1248	വൗച്ചർ നം-22-3/13 1559692	8.03.13
3	20.2.13 രാഷ്ട്രദീപിക ടെണ്ടർ പരസ്യം	8 സെ.മീ. x 5 സെ.മീ. (2 കോളം x 5 സെ.മീ.)= 40 ച.സെ.മീ.		78	3120	1872	1248	വൗച്ചർ നം-23-3/13	8.03.13

								1559692	
4	26.2.13 രാഷ്ട്രദീപിക ടെണ്ടർ പരസ്യം-സെൻസറോടുകൂടിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	8 സെ.മീ. x 8 സെ.മീ. (2 കോളം x 8 സെ.മീ.)= 64 ച.സെ.മീ.		78	4992	1872	3120	വൗച്ചർ നം-24-3/13 1559692	8.03.13
5	26.1.13 മംഗളം 21 പ്രവർത്തികളുടെ ടെണ്ടർ	8 സെ.മീ. x 4 സെ.മീ. = 32 ച.സെ.മീ.		50	1600	1200	400	24-3/12 1559693	8/3/13
		ആകെ					14836		

2012-13 വർഷത്തിൽ ഇൗയിനത്തിൽ 14836 രൂപ അധികമായി ചെലവാക്കിയിട്ടുണ്ട്. സർക്കാർ നിർദേശങ്ങൾക്കു വിരുദ്ധമായി അധികം ചെലവുചെയ്ത 14836 രൂപ തടസ്സപ്പെടുത്തുന്നു. അധികച്ചെലവിന് സർക്കാരിൽ നിന്ന് സാധൂകരണം തേടേണ്ടതാണ്.

3-4 അംബേദ്ക്കർ കോളനി കമ്മ്യൂണിറ്റി ഹാൾ-ഫർണ്ണീച്ചർ വാങ്ങി നൽകൽ--ഫർണീച്ചറുകൾലഭിച്ചിട്ടില്ല.

പ്രോജക്റ്റ് നം -- 143/13 അടങ്കൽ -- 26,000 ചെലവ് -- 23,154

നിർവ്വഹണ ഉദ്യോഗസ്ഥൻ -- സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത്

അംബേദ്ക്കർ കോളനി കമ്മ്യൂണിറ്റി ഹാൾ-ഫർണ്ണീച്ചർ വാങ്ങി നൽകൽ എന്ന പ്രോജക്റ്റിന്റെ ഭാഗമായി സിഡ്കോ സെയിൽസ് എമ്പോറിയത്തിൽ നിന്നും ആറ് ഫോൾഡിങ് ടൈപ്പ് സ്റ്റീൽ ഡെസ്ക്കുകൾ വാങ്ങുന്നതിനായി ബിൽ ബുക്ക് പ്രകാരം 23,154/- രൂപ ചെലവഴിച്ചിരുന്നു (ഡി.ഡി. നമ്പർ 021128/28.3.13). ഈ ഫർണീച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കമ്മ്യൂണിറ്റിഹാളിന് കൈമാറിയിട്ടില്ല.പ്രസ്തുത ഫർണീച്ചറുകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്നും വ്യക്തമല്ല.സിഡ്കോയുടെ ഇൻവോയിസ് പ്രകാരം ഡെസ്ക് ഒന്നിന് 3400/- രൂപ നിരക്കിൽ 20,400/- രൂപ മാത്രമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ 23,154/- രൂപ ചെലവഴിച്ചിട്ടുണ്ട് അധികമായി 2754രൂപ ചെലവഴിച്ചതിന്റെ കാരണം വ്യകതമല്ല. മേൽ പറഞ്ഞ അപാകതകളുടെ വെളിച്ചത്തിൽ ഫർണീച്ചർ വാങ്ങുന്നതിനായി ചെലവഴിച്ച 23,154/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-5 പട്ടികവർഗ്ഗ ഭവനനിർമ്മാണം --പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്റ്റ് നം -- 102/13 അടങ്കൽ -- 1,25,000 ചെലവ് -- 60,000

നിർവ്വഹണ ഉദ്യോഗസ്ഥൻ --സെക്രട്ടറി, മണിമല ഗ്രാമപഞ്ചായത്ത്

പട്ടികവർഗ്ഗഭവനനിർമ്മാണ പ്രോജക്റ്റിനായി തെരഞ്ഞെടുത്ത ഗുണഭോക്താവായ ലീലാമ്മ തങ്കൻ, ചേന്നംപാറ എന്നയാൾക്ക് 2012-13 വർഷം തറപണിപൂർത്തിയാക്കി 20,000/- (ഡി.ഡിനം 316309/20-6-12), 40,000/-(ഡി.ഡി നം 762346/17-8-12) വീതം നൽകുകയുണ്ടായി . എന്നാൽ നാളിതുവരെ ടിയാൾ ബാക്കി പണി പൂർത്തിയാക്കിയിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തപക്ഷം തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

3-6 കുഴൽക്കിണർ നിർമ്മാണം--മോണിറ്ററിങ്ങ് ഫലപ്രദമല്ല

2012-13 വർഷം കുഴൽക്കിണർ നിർമ്മാണത്തിനായി സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി താഴെ ചേർക്കുന്ന പ്രോജക്റ്റുകൾ പ്രകാരമുള്ള തുകകൾ GWD യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്റ്റ്.നം	GWD യിൽ ഡെപ്പോസിറ്റ് ചെയ്ത തുക	കുഴൽക്കിണറുകളുടെ എണ്ണം	ഡി.ഡി.നമ്പർ/ തീയതി
1	164/13	4,79,500 (SCP)	7എണ്ണം@ 68,500/-	22273/12.4.13
2	167/13	68,500	1 എണ്ണം@68,500/-	21127/28.3.13
3	135/13	4,00,000 (SCP)	8എണ്ണം@ 50,000/-	18981/18.2.13
	ആകെ	948000		

പ്രസ്തുത പ്രോജക്റ്റുകളുടെ ലൊക്കേഷൻ മാപ്പ് (ഏതൊക്കെ സ്ഥലങ്ങളിലാണ് കുഴൽക്കിണർ നിർമ്മിക്കാനുദ്ദേശിച്ചിരുന്നത്), ഫീസിബിളിറ്റി സർട്ടിഫിക്കേറ്റ് എന്നിവ പരിശോധനയ്ക്കായി ലഭ്യമായില്ല. സർവ്വേ നടത്തി ജലലഭ്യത ഉറപ്പുവരുത്തിയിരുന്നോ എന്നത് വ്യക്തമല്ല. GWD യിൽ നിന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. 2012-13 വർഷം ക്രമ നം 1, 3 പ്രകാരമുള്ള പ്രോജക്റ്റുകൾക്ക് യഥാക്രമം 68,500/- 50,000/-രൂപവീതം വ്യത്യസ്ത നിരക്കിൽഎസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ കാരണവും വ്യക്തമല്ല. കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കിയിരുന്നതിന്റെയും ഹാൻഡ്പമ്പ് സ്ഥാപിച്ചതിന്റെയും മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.കുഴൽക്കിണർ നിർമ്മാണത്തിനായി തെരഞ്ഞെടുത്ത സ്ഥലത്തിനെപ്പറ്റി ഗ്രാമപഞ്ചായത്തിന് യാതൊരു ധാരണയുമില്ല. മുൻവർഷങ്ങളിലും കുഴൽക്കിണർ നിർമ്മാണത്തിനായി നിരവധി പ്രോജക്റ്റുകൾ തയ്യാറാക്കുകയും GWD യിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിരുന്നുവെങ്കിലും കുഴൽക്കിണറിന്റെ നിർമ്മാണം നിരീക്ഷിക്കാൻ ഗ്രാമപഞ്ചായത്തിൽ കൃത്യമായ സംവിധാനങ്ങളില്ല. ഈവിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് അധികാരികളുടെയും മോണിറ്ററിങ്ങ് ചുമതലയുള്ള വർക്കിങ്ങ് ഗ്രൂപ്പുകളുടെയും ശ്രദ്ധക്ഷണിക്കുന്നു. പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 1/27.10.14) മറുപടിയായി വിശദാംശങ്ങൾ ഹാജരാക്കാമെന്ന് അറിയിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിരുന്നില്ല. മേൽപറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ 2012-13 വർഷം കുഴൽക്കിണർ നിർമ്മാണത്തിനായി ചെലവഴിച്ച 9,48,000/-രൂപ തടസ്സപ്പെടുത്തുന്നു.

3-7 സെൻസറോടുകൂടിയ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ - സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം. 136/13 അടങ്കൽ- 3,00,000 (വികസന ഫണ്ട്- പ്രത്യേക ഘടക പദ്ധതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി., മണിമല ഗ്രാമ പഞ്ചായത്ത്

ചെലവ്-2,98,840 (ഡി.ഡി. നം- 023786/ 09-04-13)

മേൽ പ്രോജക്റ്റ് പ്രകാരം തൻ വർഷം എഡിസൺ ഇലക്ട്രോണിക്സ് തിരുവാങ്കുളം എന്ന സ്ഥാപനത്തിൽ നിന്നും 241 സി.എഫ്.എൽ ലാംപുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.എന്നാൽ ലഭ്യമാക്കിയ രേഖകൾക്കൊപ്പം ചുവടെ ചേർക്കുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 2,98,840 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1) സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്ത് സ്ഥാപിച്ചതിന്റെയും വിവരങ്ങൾ

2) മോണിട്ടറിംഗ് റിപ്പോർട്ട്

3) സോഷ്യൽ മാപ്പും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും.

3-8 സ്ട്രീറ്റ് മെയിൻ വലിക്കൽ - കെ എസ് ഇ ബി യിൽ നിക്ഷേപിച്ച തുക - വിനിയോഗപൂർത്തീകരണ വിവരം ലഭ്യമല്ല

പ്രോജക്റ്റ് നം. 104/13 അടങ്കൽ- 6,00,000 (വികസന ഫണ്ട്- പ്രത്യേക ഘടക പദ്ധതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ, എൽ .എസ് .ജി.ഡി.,മണിമല ഗ്രാമ പഞ്ചായത്ത്

ചെലവ്-

1)2,26,626 (ഡി.ഡി. നം- 022278/ 12-04-13) അസിസ്റ്റന്റ് എൻജിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ ,മണിമല

2)1,53,500 (ഡി.ഡി. നം- 02229/ 12-04-13) അസിസ്റ്റന്റ് എൻജിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ,എരുമേലി

ആകെ ചെലവ്-3,80,126

പഞ്ചായത്തിന്റ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് 3,80,126 രൂപ കെ ,എസ്. ഇ.ബി യിൽ നിക്ഷേപിച്ചിട്ടുണ്ട്.എന്നാൽ ചുവടെ ചേർക്കുന്ന രേഖകൾ ഫയലിൽ ലഭ്യമായിരുന്നില്ല.

1) ഇലക്ട്രിക്കൽ സെക്ഷൻ മണിമലയുടെ എസ്റ്റിമേറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

2)ഏതൊക്കെ വാർഡുകളിലെ ഏതൊക്കെ സ്ഥലത്താണ് സ്ട്രീറ്റ് മെയിൻ വലിക്കുന്നതെന്ന് വ്യക്തമല്ല.

3)സോഷ്യൽ മാപ്പും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും പരിശോധനക്ക് ഹാജരാക്കിയില്ല.

4)പ്രവർത്തി പൂർത്തീകരിച്ചതായി എക്സിറ്റ് മീറ്റിംഗ് സമയത്ത് വാർഡ് മെമ്പർമാർ അറിയിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിരുന്നില്ല,

മേൽ കാരണങ്ങളാൽ 3,80,126 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-9 കറിക്കാട്ടൂർ വനിതാ തൊഴിൽ പരിശീലന കേന്ദ്രം- പ്രോജക്റ്റ് ഫയൽ പൂർണ്ണമല്ല.

പ്രോജക്റ്റ് നം. 58/13 നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ, എൽ .എസ് .ജി.ഡി.,മണിമല ഗ്രാമ പഞ്ചായത്ത് അടങ്കൽ- 20,00,000 (വികസന ഫണ്ട്- പ്രത്യേക ഘടക പദ്ധതി) ചെലവ്-20,00,000 (ഡി.ഡി. നം- 023773/ 09-04-13)

എസ് .സി.പി വിഭാഗത്തിലുൾപ്പെടുത്തിയ മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിന് ഇരുപതു ലക്ഷം രൂപ സിഡ്കോയിൽ നിക്ഷേപിക്കുകയും തുടർന്ന് 13-05-13 ൽ സിഡ്കോയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെടുകയും ചെയ്യിട്ടുണ്ട്. മേൽ പ്രവർത്തിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) അംഗീകരിച്ച പ്രോജക്റ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എൻജിനീയറായിരുന്നുവെങ്കിലും കരാറിലേർപ്പെട്ട് തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് സെക്രട്ടറിയാണ്.

2)പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനും സൂപ്പർ വിഷൻ ചാർജ്ജിനുമായി എട്ടു ശതമാനം സെന്റേജ് സിഡ്കോയിക്ക് നൽകിയിട്ടുണ്ടെങ്കിലും സിഡ്കോതയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പരിശോധനക്ക് ഹാജരാക്കിയില്ല.

3)സർക്കാർ ഉത്തരവ് (കൈ)133/2007 തീ,18-05-2007 ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

4)തൻവർഷം ചെലവഴിച്ച 20 ലക്ഷം രൂപയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല.

മേൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ച 20 ലക്ഷം രൂപ തടസ്സപ്പെടുത്തുന്നു.

3-10 വളകൊടിചതുപ്പ് -അങ്കണവാടിയും സാസ്കാരികനിലയവും-പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. 57/13 അടങ്കൽ- 1,00,000 (വികസന ഫണ്ട്- എസ്.സി.പി.) നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ, എൽ .എസ് .ജി.ഡി.,മണിമല ഗ്രാമ പഞ്ചായത്ത്

ചെലവ്-1,00,000 (ഡി.ഡി. നം- 023774/ 08-04-13)

മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിനായി തൻവർഷം 10 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്.ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 23-03-13 ലെ 16733/ ഡി.എ/2/13/തസ്വഭവ നമ്പർ അനുമതി കത്ത് പ്രകാരമാണ് തുക നിക്ഷേപിച്ചിട്ടുള്ളത്.പ്രോജക്റ്റ് ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1) അംഗീകാരം ലഭിച്ച പ്രോജക്റ്റ് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എൻജിനിയറാണെങ്കിലും കരാറിലേർപ്പെട്ട് തുടർ നടപടികൾ

സ്വീകരിച്ചിരിക്കുന്നത് സെക്രട്ടറിയാണ്.

2)പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനും സൂപ്പർ വിഷൻ ചാർജ്ജിനുമായി എട്ടു ശതമാനം സെൻറേജ് സിഡ്കോയിക്ക് നൽകിയിട്ടുണ്ടെങ്കിലും സിഡ്കോതയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും പരിശോധനക്ക് ഹാജരാക്കിയില്ല. പ്രോജക്റ്റ് ഫയലിൽ അസിസ്റ്റൻറ് എൻജിനീയർ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റുമാണ് സൂക്ഷിച്ചിട്ടുള്ളത്.

3)സിഡ്കോ ടി പ്രവർത്തി കോൺട്രാക്റ്റ് ചെയ്ത് പഞ്ചായത്തിന്റെ കോൺട്രാക്ടറെ തന്നെയേൽപ്പിക്കുകയാണ് ചെയ്തത്.എന്നാൽ എഗ്രിമെൻറ് വ്യവസ്ഥ പ്രകാരം ഇപ്രകാരം കോൺട്രാക്റ്റിൽ ഏർപ്പെട്ടാൽ കരാറുകാരനുമായുള്ള എഗ്രിമെൻറ് കരാറിലേർപ്പെട്ട ഒരു മാസത്തിനുള്ളിൽലസ്ഥാപനത്തിന് ലഭ്യമാക്കേണ്ടിയിരുന്നു.(വ്യവസ്ഥ നം-7)എന്നാൽ പഞ്ചായത്ത് ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4) സർക്കാർ ഉത്തരവ് (കൈ)133/2007 തീ,18-05-2007 പ്രകാരം അക്രഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവർത്തികൾക്ക് അഞ്ചുഘട്ടങ്ങളായാണ് തുക നൽകേണ്ടത്. പ്രവർത്തിയുടെ പുരോഗതി അനുസരിച്ച് തുക നൽകാതെ ഗവൺമെൻറ് അനുമതി പ്രകാരം മൊത്തം തുക നിക്ഷേപിക്കുകയാണ് ചെയ്തത് .ഈ ഉത്തരവിലെ മറ്റു നടപടിക്രമങ്ങളും പാലിക്കാതെയാണ് പ്രവർത്തി നടപ്പിലാക്കിയിരിക്കുന്നത്.

5)കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തീകരിക്കാതിരുന്നാൽ എഗ്രിമെൻറ് അനുസരിച്ച് ആകെ ചെലവ് തുകയിൽ നിന്നും 1% തുക കുറവ് ചെയ്യണമെന്ന വ്യവസ്ഥയും പാലിക്കപ്പെടുന്നില്ല.(വ്യവസ്ഥ നം-17)

6) പ്ലാനും എസ്റ്റിമേറ്റും ഒന്നായി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബഹുവർഷ പ്രോജക്റ്റായി പദ്ധതി നടപ്പാക്കണമെന്ന പദ്ധതിമാർഗ്ഗ രേഖ നിർദ്ദേശം പാലിച്ചിട്ടില്ല.(സർക്കാർ ഉത്തരവ്(കൈ)225/12/ തസ്വഭവ/തീയതി

18-08-12 ഖണ്ഡിക 11-13(ix)ബി,സി)

7)തൻ വർഷം 10 ലക്ഷം രൂപയുടെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി തുക നിക്ഷേപിച്ച ശേഷം 13-14 ൽ വീണ്ടും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി 10 ലക്ഷം രൂപ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ 12-13 എഗ്രിമെൻറ് പ്രകാരമുള്ള പ്രവർത്തികൾ നാളിതു വരെ പൂർത്തീകരിച്ചിട്ടില്ല.

8) തൻ വർഷം ചെലവഴിച്ച 10 ലക്ഷം രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഉള്ളതിനാൽ 10 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-11 വാറ്റിനത്തിൽ ഈടാക്കിയ തുക വാണിജ്യനികുതി വകുപ്പിൽ ഒടുക്കിയില്ല

12-13 വർഷം ടെണ്ടർ ഫോറം വില്പന നടത്തിയതിൽ വാറ്റ് ഇനത്തിൽ ലഭിച്ച 1030 രൂപ അസിസ്ററൻറ് എൻജിനിയർ 16.03.13 ൽ പഞ്ചായത്ത് ഫണ്ടിൽ അടച്ചിരുന്നു.എന്നാൽ ടി തുക നാളിതുവരെ വാണിജ്യനികുതി വകുപ്പിൽ ഒടുക്കിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.13)നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി 1030 രൂപ വാണിജ്യ നികുതി വകുപ്പിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

2012-13 വർഷം പഞ്ചായത്തിലെ 2265 പേർക്ക് തൊഴിൽകാർഡ് നൽകി. പഞ്ചായത്തിലെ 15 വാർഡുകളിലായി 185 അയൽക്കൂട്ടങ്ങൾ ഉള്ളത് പൂർണ്ണമായും പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം 85 പ്രവൃത്തികൾ വിഭാവനം ചെയ്യുകയും സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തതിൽ 68 എണ്ണം പൂർത്തിയാക്കി. 1475 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. 42928 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. 8 കുടുംബങ്ങൾക്ക് 100 ദിനം തൊഴിൽ ലഭിച്ചു.

പദ്ധതി പ്രകാരമുള്ള വരവു ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	89,123
വരവ്	69,50,000
ആകെ	70,39,123
ചെലവ്	70,09,381
നീക്കിയിരിപ്പ്	29,742

3-13 സാമൂഹികസുരക്ഷിതത്വ പെൻഷനുകൾ-അവലോകനം

വിവിധ സാമൂഹികസുരക്ഷിതത്വസഹായങ്ങളുടെ അപേക്ഷകളുടെ തീർപ്പാക്കലിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ,കുറെയധികം അപേക്ഷകൾ ലഭിച്ചതിന് ശേഷം ഒന്നിച്ച് അന്വേഷണ ഉദ്യോഗസ്ഥന് കൈമാറുന്ന രീതിയാണ് അവലംബിച്ച് പോരുന്നത്. 19-06-12 മുതൽ 24-09-12 വരെ ലഭിച്ച ശാരീരികവും മാനസികവുമായ വെല്ലുവിളിനേരിടുന്നവർക്കുള്ള പെൻഷൻ അപേക്ഷകൾ 9 എണ്ണം ലഭിച്ച ശേഷം 19-11-12 നാണ് അന്വേഷണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർക്ക് കൈമാറിയത്. അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സഹിതം മടക്കി നൽകുന്നതിനും രണ്ടുമാസത്തിലേറെ കാലവിളംബമുണ്ടാകുന്നുണ്ട്.അന്വേഷണ ശേഷം അപേക്ഷകൾ മടക്കിവാങ്ങുമ്പോൾ തീയതിരേഖപ്പെടുത്താറില്ല.വാർദ്ധക്യകാല പെൻഷൻ പലപ്പോഴും അപേക്ഷകന് ലഭിക്കാത്ത സാഹചര്യമുണ്ടാക്കുന്നുണ്ട്. സാമൂഹിക സുരക്ഷിതത്വ സഹായങ്ങൾ കാലവിളംബമില്ലാതെ വിതരണം ചെയ്യുന്നതിന് അപേക്ഷകളുടെ തീർപ്പാക്കലുകൾ സമയബന്ധിതമായി നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. (സർക്കാർ ഉത്തരവ് 105/2002/ത.സ്വ.ഭ.വ തീയതി 26-05-2002 പ്രകാരം സാമൂഹിക സുരക്ഷിതത്വ പെൻഷനുകളുടെ വിതരണം ദ്രുതഗതിയിലാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.) ടി നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

3-14 നിഷ്ക്രിയാസ്തികൾ - അവലോകനം

ആസ്തി ആർജ്ജിച്ച വർഷം	ആസ്തിയുടെ സ്വഭാവം	ചെലവഴിച്ച തുക (രൂ.)	ഫണ്ടിനം	ഇപ്പോഴത്തെ അവസ്ഥ
2004-05	മഴവെള്ള സംഭരണി	12500	വികസന ഫണ്ട്	ഉപയോഗിക്കുന്നില്ല.

പ്രോജക്ട് നമ്പർ : 1/2004-05

അടങ്കൽ : 25000 രൂപ

നിർവഹണോദ്യോഗസ്ഥൻ : സെക്രട്ടറി

04-05 വർഷം പഞ്ചായത്ത് വികസന ഫണ്ട് ചെലവഴിച്ച് രണ്ട് സ്കൂളുകളിൽ മഴവെള്ള സംഭരണി നിർമ്മിച്ചിരുന്നു.ഇവയുടെ പ്രാദേശിക പരിശോധനയിൽ കൂവക്കാവ് ഗവൺമെന്റ് യു.പി.എസ്സിൽ 12,500 രൂപ ചെലവഴിച്ച് നിർമ്മിച്ച മഴവെള്ള സംഭരണി നിലവിൽ ഉപയോഗക്ഷമമല്ല എന്നുവ്യക്തമായി.ടി സ്കൂളിൽ കിണറിൽ നിന്നും ലഭിക്കുന്ന ജലമാണ് സാധാരണ ഉപയോഗിക്കുന്നത്.വരൾച്ച കാലയളവിൽപഞ്ചായത്തിൽ നിന്നും നിർമ്മിച്ചുനൽകിയ കുഴൽക്കിണറിൽ നിന്നുള്ള ജലമാണ് ഉപയോഗിക്കുന്നത്. ഇതും സ്കൂളിന്റെ കോംമ്പൗണ്ടിൽ തന്നെ സ്ഥിതി ചെയ്യുന്നു. മഴവെള്ള സംഭരണികൊണ്ട് ടി സ്കൂളിന് പ്രത്യകിച്ച് യാതൊരു പ്രയോജനവും ഇല്ലാത്ത സാഹചര്യമാണുള്ളത്.സംഭരണി ആദ്യകാലങ്ങളിൽ വളരെക്കുറച്ച് സമയം മാത്രമെ പ്രവർത്തിക്കുമായിരുന്നുള്ളുയെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു.ആവശ്യകതയും സാഹചര്യവും വിശകലനം ചെയ്യ് പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ച മൂലം 12500 രൂപ ചെലവിൽ നിർമ്മിച്ച ടി മഴവെള്ള സംഭരണി നിഷ്ക്രീയമായി അവശേഷിക്കുന്നു.

ഭാഗം 4 : ധനസ്ഥിതി വിവരണവും

ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്

എ	12187587	13857291	26044878	18755564	7289314
ബി	0	5930160	5930160	5930160	0
സി	2014600	5453000	7467600	5418098	2049502
ഇ	4439723	7209734	11649457	10963381	686076
ജി	0	87500	87500	87500	0
ഡി & എഫ്	5944739	10265824	16210563	8955942	7254621
ആകെ	24586649	42803509	67390158	50110645	17279513

നീക്കിയിരിപ്പിന്റെ വിശദാംശം (വാർഷിക കണക്കുകൾ പ്രകാരം)

ബാങ്ക്/ട്രഷറി	അക്കൗണ്ട് നമ്പർ	നീക്കിയിരിപ്പ് തുക
SCB,മണിമല	198	1098743
SBT,മണിമല (NREGA)	67062425968	29742
SCB,മണിമല (WGDP)	1982	656334
SCB,മണിമല (FD)		56000
വി.പി.എഫ്.എ i		5940037
വി.പി.എഫ്.എ ii(a)		233811
വി.പി.എഫ്.എii(b)		4321985
വി.പി.എഫ്.എii(c)		521700
വി.പി.എഫ്.എ(ഒാൾഡ്)		2908
വി.പി.എഫ്.എ iii		2049502
വി.പി.എഫ്.എ iv		208558
വി.പി.എഫ്.എ v		2003260
കൈയ്യിരിപ്പ് പണം		156933
ആകെ		17279513

വാർഷികകണക്കുകളുടെ അവലോകനം

1) 2012-13 വാർഷിക കണക്കുകളിലെ നീക്കിയിരുപ്പും 13-14 വാർഷിക കണക്കുകളിലെ മുന്നിരിപ്പും തമ്മിൽ 222127രൂപ വ്യത്യാസപ്പെട്ടിരിക്കുന്നു. 2012-13 കണക്കുകൾ പ്രകാരം വി.പി.എഫ്.എ i ലെ നീക്കിയിരുപ്പ് 5940037 രൂപയാണ്. എന്നാൽ 13-14വി.പി.എഫ്.എ i ലെ മുന്നിരിപ്പ് 5720414രൂപയാണ്. 'ടി തുകയാണ് 2012- 13 ലെ നീക്കിയിരുപ്പായി വരേണ്ടിയിരുന്നത്. എന്നാൽ 2012-13 ലെ നീക്കിയിരുപ്പ് തെറ്റായി രേഖപ്പെടുത്തുകയാണുണ്ടായത്. (വ്യത്യാസം 222531).കൂടാതെ FD അക്കൗണ്ടിലെ നീക്കിയിരുപ്പിൽ 354 രൂപ പലിശ വരവ് കൂടി ഉൾപ്പെടുത്തിയാണ് 13-14 മുന്നിരിപ്പ് തയ്യാറാക്കിയിട്ടിട്ടുള്ളത്.

2) 2011-12 ലെ നീക്കിയിരിപ്പും തൻവർഷത്തെ പ്രാരംഭബാക്കിയുമായി വ്യത്യാസമുണ്ട്. കൂടാതെ 2012-13 വി.പി.എഫ്.എ. 1 ലെ നീക്കിയിരിപ്പ് 5720414 രൂപയാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം ആയത് 5940037 രൂപയാണ്.

3) സ്ഥിരനിക്ഷേപരജിസ്റ്റർ പ്രകാരം 68188 രൂപ വരവുണ്ട്. ടി വിവരം ബി 12 പത്രികയിൽ ചേർത്തിട്ടില്ല.

4) 1.6, 1.14(ഡി) പത്രികകളിൽ നൽകിയിട്ടുള്ള ബി ഫണ്ട് വരവുചെലവുതുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

4-2 ഓഡിറ്റ് റിക്കവറി

ഇല്ല

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	42803509
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	50110645
വരവിനങ്ങളിലുള്ള നഷ്ടം	52668
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	4664956

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2.4	52668		ടി.ജി.ശിവദാസൻനായർ,സെക്രട്ടറി

സി) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.3	14836	ടി.ജി.ശിവദാസൻനായർ,സെക്രട്ടറി
3.4	23154	ടി.ജി.ശിവദാസൻനായർ,സെക്രട്ടറി
3.6	948000	ടി.ജി.ശിവദാസൻനായർ,സെക്രട്ടറി
3.7	298840	ശ്രീ. ജോഷി, ജോസഫ്, എ.ഇ.
3.8	380126	ശ്രീ. ജോഷി, ജോസഫ്, എ.ഇ.
3.9	2000000	ശ്രീ. ജോഷി, ജോസഫ്, എ.ഇ.
3.10	1000000	ശ്രീ. ജോഷി, ജോസഫ്, എ.ഇ.

ആകെ	4664956	

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം
ടി.ജി.ശിവദാസൻനായർ,സെക്രട്ടറി	വിരമിച്ചു	തച്ചനാട്ടിൽ, പേരൂർ പി.ഒ, കോട്ടയം

ജി) ഓഡിറ്റ് സംഗ്രഹം

ഓഡിറ്റ് സമയത്ത് 16 ഒാഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകി. അന്വേഷണക്കുറിപ്പുകൾക്ക് നിർവഹണോദ്യോഗസ്ഥർ ഹാജരാക്കിയ മറുപടി കൂടി പരിഗണിച്ചാണ് ഖണ്ഡികകൾ തയ്യാറാക്കിയിരിക്കുന്നത്.

4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഒാഡിറ്റ് വർഷം	ഇൗ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
96-97 വരവ്	എൽ.എഫ്.കെ.പി.9/1232/07/20.4.09/11.8.09
97-98 ചെലവ്	എൽ.എഫ്.കെ.പി.3/864/99/20.1.00/7.7.00
97-98 വരവ്	എൽ.എഫ്.കെ.പി.9/1233/07/2.1.09
98-99 ചെലവ്	എൽ.എഫ്.കെ.പി.8/597/02/17.1.03/12.5.03
98-99 വരവ്	എൽ.എഫ്.കെ.പി.9/1234/07/21.4.09
99-00	എൽ.എഫ്.കെ.പി.8/1033/03/29.12.01/14.03.02
00-01, 01-02 ജനകീയാസൂത്രണം	എൽ.എഫ്.കെ.പി.8/18/04/14.9.04
00-01	എൽ.എഫ്.കെ.പി.8/1294/07/13.6.08
01-02	എൽ.എഫ്.കെ.പി.8/648/05/20.6.08
02-03	എൽ.എഫ്.കെ.പി.8/679/05/8.2.08
03-04	എൽ.എഫ്.കെ.പി.9/1253/07/3.11.07
04-05	എൽ.എഫ്.കെ.പി.9/650/08/27.5.09/10.8.09
05-06	എൽ.എഫ്.കെ.പി.9/230/09/9.3.10
06-07	എൽ.എഫ്.കെ.പി.9/231/09/9.3.10
07-08	എൽ.എഫ്.കെ.പി.13/590/12/27.6.12/7.8.12
08-09	എൽ.എഫ്.കെ.പി.13/59/12/22.2.13/3.5.13
09-10, 10-11	എൽ.എഫ്.കെ.പി.13/1121/12/5.7.13/3.8.13

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ് / സർചാർജ് നോട്ടിസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ഇല്ല

ബി) ചാർജ് / സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം

ഇല്ല

ഡെപ്യൂട്ടി ഡയറക്ടർ,

ലോക്കൽ ഫണ്ട് ഓഡിറ്റ്,

ജില്ല ഓഫീസ്,കോട്ടയം.

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മണിമല ഗ്രാമപഞ്ചായത്തിന്റെ 2012-13ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് മണിമല ഗ്രാമപഞ്ചായത്തിന്റെ 2012-13വർഷത്തെ വരവുചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതായി അഭിപ്രായപ്പെടുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ്,
ജില്ല ഓഫീസ്, കോട്ടയം.